# ഗവ. ഹരിജനോദ്ധാരണി LPS
# ചെന്നിത്തല

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 26



# ആമുഖം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലാണ് ഹരിജനോദ്ധാരണി ഗവ. എൽ. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും, കലാരംഗത്തും, കായിക രംഗത്തും ഒരു പോലെ മികവു പുലർത്തുവാൻ ഈ വിദ്യാലയത്തിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം [inclusive education] പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ സ്കൂളിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. രക്ഷകർത്താക്കളുമായി നിരന്തരബന്ധം പുലർത്തി കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ പരിഹാരം കണ്ടെത്തുവാൻ സാഹചര്യമൊരുക്കുന്നു. ചിട്ടയായ പ്ലാനിങ്ങോടു കൂടിയും പോരായ്മകൾ പരിഹരിച്ചും ശിശുസൗഹൃദ പഠനാന്തരീക്ഷം ഉറപ്പു വരുത്തുന്നു. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി. ടി. എ ജനപ്രതിനിധികൾ, പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പലരും ഇന്ന് കല, അധ്യാപനം, ആരോഗ്യം, രാഷ്ട്രീയം തുടങ്ങി വിവിധ മേഖലകളിൽ ശോഭിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ ധാരാളം കുട്ടികൾ പഠിച്ചിരുന്ന സ്കൂളാണിത്. യാത്രാസൗകര്യം വർദ്ധിച്ചതും അൺ-എയ്ഡഡ് സ്കൂളുകളുടെ വർദ്ധനവും ഇവിടെ കുട്ടികൾ കുറയാൻ കാരണമായി.

# സ്കൂൾ ചരിത്രം

ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിന്റെ അതിർത്തിയിൽ 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സ്കൂൾ ആണ്. 50 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൊന്നക്കാട്ട് വീട്ടുകാരാണ് സ്കൂളിന് സ്ഥലം കൊടുത്തത്. ഹരിജനങ്ങൾക്കു വേണ്ടി മാത്രമല്ല എല്ലാ വിഭാഗത്തിലുള്ളവർക്കും വേണ്ടിയാണ് ഈ സ്ഥാപനം തുടങ്ങിയത്. 1946ൽ ആണ് ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തത്. 1965ൽ ആണ് കെട്ടിടം പണിതത്. അതിനു മുമ്പ് ഓലഷെഡായിരുന്നു. ചെന്നിത്തല പടിഞ്ഞാറേ വഴി, ചിത്തിരപുരം, കാരിക്കുഴി എന്നീ കോളനികളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള ഏക സ്ഥാപനമായിരുന്നു. 95% പേരും പട്ടികജാതിക്കാരാണ്. ഭൗതിക സാഹചര്യം മെച്ചപ്പെട്ടതാണെങ്കിലും മഴക്കാലത്ത് സ്കൂൾ പരിസരം വെള്ളപ്പൊക്ക ഭീഷണി നേരിടുന്നു എന്നത് ഒരു പോരായ്മയാണ്. സ്കൂളിന് സ്വന്തമായി ഉണ്ടായിരുന്ന 50 സെന്റ് സ്ഥലത്തിൽ നിന്ന് 3 സെന്റ് സ്ഥലം അംഗൻവാടി കെട്ടിടം പണിയാൻ കൊടുത്തു. 83-ാം നമ്പർ അംഗൻവാടി ഇവിടെ പ്രവർത്തിക്കുന്നു. 2020ൽ പുതിയ ഇരുനിലക്കെട്ടിടം സ്ഥാപിതമായി. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സ്കൂൾ കോമ്പൗണ്ട് കുറച്ചു ഭാഗം ഉയർത്തി ഇന്റർലോക്ക് ചെയ്തു. വാർഡു മെമ്പർ ശ്രീമതി. ലീലാമ്മ ഡാനിയലിന്റെ പ്രവർത്തന ഫലമായാണിത്. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളും, പ്രീ പ്രൈമറിയും ഇവിടെ നടക്കുന്നു. കുട്ടികൾ ഓരോ വർഷം കഴിയുന്തോറും കുറയുന്നു എന്നത് വലിയ പോരായ്മയാണ്.

# ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
* കുട്ടികളുടെ വിവിധ മേഖലകളിലുള്ള കഴിവുകൾ (അക്കാദമികം, സർഗാത്മകം, കായികം) കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക.
* ശിശുസൗഹൃദ പഠനാന്തരീക്ഷം ഒരുക്കുക.
* എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
* പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം രക്ഷിതാക്കളെയും സമൂഹത്തെയും പങ്കാളികളാക്കുക.
* വിദ്യാലയത്തിലെ പഠനപിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനഃനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* ഭൗതികവും അക്കാദമികവുമായ മെച്ചപ്പെടുത്തലിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

# പൊതുലക്ഷ്യങ്ങൾ

* പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

* അക്കാദമിക മികവിന് ഉതകുന്ന തരത്തിൽ സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തുക.

* സൗജന്യ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

* അധ്യാപനവും, അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

* നാലാം ക്ലാസുവരെയുള്ള എല്ലാകുട്ടികൾക്കും എഴുത്ത്, വായന, ലഘു ഗണിതം എന്നിവയിൽ പ്രാഥമിക പരിജ്ഞാനം ഉണ്ടാക്കുക.

* പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക.

# വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* പാഠ്യ - പഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
* ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും, ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
* പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും, പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
* ശുചിത്വം, ദീനാനുകമ്പ, തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ
* പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്ന എല്ലാ ശേഷികളും പഠനനേട്ടങ്ങളും ഉൾക്കൊണ്ട് ഓരോ കുട്ടിയെയും ഉയർത്തുക.
* മാലിന്യവും പ്ലാസ്റ്റിക്കും നിർമ്മാർജ്ജനം ചെയ്ത് ശുചിത്വസുന്ദരമായ നാട് ഉറപ്പാക്കുക.

## നിലവിലെ അവസ്ഥാവിശകലനം

2025 - 26 അധ്യയനവർഷം 17 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. എല്ലാ കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അഞ്ച് മുറികളും ഒരു ഹാളും ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ ഇരുനില കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. അടുക്കള , മെസ്സ് ഹാൾ എന്നിവ പ്രത്യേകമുണ്ട്. എല്ലാ കുട്ടികൾക്കും ഉപയോഗിക്കത്തക്കവിധം ശുചിമുറികൾ ഉണ്ട്. പ്രധാനാധ്യാപികയും മൂന്ന് അധ്യാപികമാരും പി. ടി. സി. എം , പാചകത്തൊഴിലാളി എന്നിവരും ഉണ്ട്. 1 - 4 വരെ ഇംഗ്ലീഷ് മീഡിയത്തിലുള്ള ക്ലാസ്സുകളാണ് നടക്കുന്നത്.

### അധ്യാപകരുടെ വിവരങ്ങൾ

| | | |
|---|---|---|
| പ്രധാനാധ്യാപിക | : | സന്ധ്യ സോമൻ |
| അധ്യാപകർ | : | അജിത എ<br>അനീസ എ<br>അഞ്ജന. ആർ. നായർ |
| പ്രീ പ്രൈമറി ടീച്ചർ | : | അമ്പിളി എസ് |
| പി. ടി. സി. എം | : | സോമശേഖരൻ നായർ |
| പാചകത്തൊഴിലാളി | : | രാധാമണി കെ |

# കുട്ടികളുടെ വിവരങ്ങൾ

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
|---|---|
| പ്രീ പ്രൈമറി | 4 |
| 1 | 1 |
| 2 | 3 |
| 3 | 3 |
| 4 | 6 |

## അക്കാദമികം - നേട്ടങ്ങൾ

* ശാസ്ത്രമേളകൾ, വർക്ക് എക്സ്പീരിയൻസ് എന്നിവയിൽ മികച്ച പ്രകടനം
* കലോത്സവത്തിലെ മികവാർന്ന പ്രകടനം
* എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.
* കുട്ടികളുടെ മികവുകൾ പ്രകടമാക്കുന്ന പതിപ്പ്, നോട്ട്ബുക്ക്, മാഗസിൻ, എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. ആഴ്ചതോറും ലൈബ്രറി പുസ്തകം വിതരണം ചെയ്യുകയും വായനാക്കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

## അക്കാദമികം - പരിമിതികൾ

* LSS പോലെയുള്ള മത്സരപരീക്ഷകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ടെങ്കിലും കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.
* കുട്ടികളുടെ കുറവ് ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ബാധിക്കുന്നുണ്ട്.
* ഭിന്നശേഷിക്കാർക്കായി പ്രത്യേക പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം : നേട്ടങ്ങൾ

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ സ്കൂളിനുണ്ട്. 4 ക്ലാസ്സ് മുറികൾ താഴെയും, ഒരു ക്ലാസ്സ് മുറിയും, ഒരു ഹാളും ഉൾപ്പെടെ മുകളിലെ നിലയിലും ഉണ്ട്. കിച്ചൺ, മെസ്സ്ഹാൾ ഇവ ഉണ്ട്. സ്കൂൾ മുറ്റം പകുതിഭാഗം ഉയർത്തി ടൈൽ ഇട്ടിട്ടുണ്ട്. എല്ലാ ഫർണിച്ചറും ആവശ്യത്തിന് ഉണ്ട്.

## ഭൗതികം : പരിമിതികൾ

സ്കൂൾ ഗ്രൗണ്ട് താഴ്ന്ന പ്രദേശമായതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നു. മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി ഉണ്ട്. സ്കൂൾ വരാന്തവരെ വെള്ളം കയറുന്നു.

ലാപ്ടോപ്പ് ഉണ്ടെങ്കിലും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തതിനാൽ ഐ.സി.ടി സാധ്യത ക്ലാസ്റൂമിൽ പ്രയോഗിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി.

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യമാണ് സമഗ്ര ഗുണമേൻമാ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ആണ് ഗുണമേൻമ ഉറപ്പുവരുത്തേണ്ടത്. ഓരോ ക്ലാസ്സിലെയും, ഓരോ വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്കു വേണ്ട പഠനപിന്തുണ പദ്ധതി സംഘടിപ്പിക്കുക, നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കൂടുതൽ ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് പ്രത്യേക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി സ്കൂൾ തലത്തിൽ പ്രത്യേക കമ്മറ്റി രൂപീകരിച്ചു.

വിദ്യാഭ്യാസത്തിന്റെ സമഗ്രവികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി ഓരോ വിദ്യാർത്ഥിയേയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു.

കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ്മുറിയേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും അവരുടെ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്താനാവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ടു കൊണ്ടുവരികയും ചെയ്യണം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- വായനാ വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഗണിതാന്തരീക്ഷം ഒരുക്കൽ
- ശാസ്ത്ര പോഷണ പരിപാടി.
- ലൈബ്രറി ശാക്തീകരണം
- ദിനാചരണങ്ങൾ
- പച്ചക്കറിത്തോട്ടം
- ജൈവ വൈവിധ്യ പാർക്ക്
- കലാകായികമേളകൾ
- പ്രവൃത്തി പരിചയ പഠനം
- സ്കൂൾ മാഗസിൻ
- പതിപ്പുകൾ തയ്യാറാക്കൽ
- പഠനയാത്ര
- പോഷകാഹാര പരിപാടി
- IT പരിശീലനം
- പി.ടി.എ സജീവമാക്കൽ

## ഭൗതികം

- ചിൽഡ്രൻസ് പാർക്ക്
- മാലിന്യ സംസ്കരണം
- ശില്പശാലകൾ സംഘടിപ്പിക്കൽ
- സ്കൂൾ പരിസരം മണ്ണിട്ട് ഉയർത്തൽ

## സാമൂഹികം

- SMC / PTA കാര്യക്ഷമമാക്കുക
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ
- S S G
- ക്ലാസ്സ് പി. ടി. എ
- ഭവനസന്ദർശനം

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം - 1

പേര്: വായനാവസന്തം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ തരത്തിലുള്ള പുസ്തകങ്ങൾ വായനയിലൂടെ പരിചയപ്പെടുത്തുന്നു. | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് നിലവാരത്തിനനുസരിച്ചുള്ളവ വായിക്കാൻ കൊടുക്കുന്നു. അതിന്റെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം: 2

പേര്: പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനാശീലം വളർത്തുക | പിറന്നാൾ ദിവസം കുട്ടി ഒരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന നൽകുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 3

പേര്: പുസ്തകപരിചയം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| വായനാ ശീലം വളർത്തുക | കുട്ടി വായിച്ച പുസ്തകം അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. ഇത് മറ്റുകുട്ടികൾക്ക് വായിക്കാനുള്ള പ്രചോദനം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം - 4

പേര്: പതിപ്പുകൾ നിർമ്മിക്കാം

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടിയിലെ ആശയങ്ങൾ തന്റേതായ രീതിയിൽ ആവിഷ്കരിക്കുക. | ദിനാചരണങ്ങൾ, സ്കൂൾ വിശേഷങ്ങൾ എന്നിവ പങ്കുവയ്ക്കുന്നതിനുള്ള ക്ലാസ്സ്തല പതിപ്പുകൾ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം - 5

പേര് : വായിക്കാം കുറിപ്പ് തയ്യാറാക്കാം

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| എല്ലാ കുട്ടികളും ആശയം മനസ്സിലാക്കി വായിക്കാനും, വായിച്ചവ എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പുകൾ തങ്ങളുടെ നിലവാരത്തിനനുസരിച്ച് തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 6

പേര് : സർഗവേള

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം | ക്ലാസ് മുറിയിൽ കുട്ടികൾ തയ്യാറാക്കുന്ന രചനകൾ, പതിപ്പുകൾ, മാഗസിൻ ഇവയിൽ നിന്നും തെരഞ്ഞെടുത്ത് ചേർത്ത് സ്കൂൾ മാഗസിൻ | ഒരു ടേമിൽ ഒന്ന് | വിദ്യാരംഗം കൺവീനർ |

പ്രവർത്തനം: 7

പേര്: ഗണിതം മധുരം

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | · ക്ലാസ്സ് മുറിയിൽ ഗണിതാന്തരീക്ഷം ഒരുക്കൽ<br>· ജൈവവൈവിധ്യ പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി നിർമ്മിക്കൽ | ജൂൺ, ജൂലൈ | ഗണിത ക്ലബ്ബ് |

പ്രവർത്തനം: 8

പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി മുഴുവൻ ഇംഗ്ലീഷിൽ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം - 9

പേര് : ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും, വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. 3, 4 ക്ലാസുകൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 10

പേര് : ശാസ്ത്രപോഷണം

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്ര പഠനം രസകരമാക്കുക. | • ഫീൽഡ് ട്രിപ്പ്<br>• പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങൾ<br>• ശാസ്ത്രമേളകളിലെ പങ്കാളിത്തം | ഒരു ടേമിൽ ഒന്ന് | സയൻസ് ക്ലബ്ബ് |

പ്രവർത്തനം : 11
പേര് : ലൈബ്രറി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങളെ പരിചയപ്പെടൽ | • സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ തരം തിരിക്കുന്നു. • വിതരണ രജിസ്റ്റർ തയ്യാറാക്കുന്നു. • ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ചുള്ള പുസ്തകം ക്രമീകരിക്കുന്നു. • അമ്മ വായന • രക്ഷിതാക്കളുടെ പുസ്തക സമ്മാനം | ജൂൺ - മാർച്ച് | അധ്യാപകർ |

പ്രവർത്തനം : 12
പേര് : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രധാനപ്പെട്ട ദിവസങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണം, പോസ്റ്റർ തയ്യാറാക്കൽ, പതിപ്പ് തയ്യാറാക്കൽ, വീഡിയോ പ്രദർശനം റാലി, ക്വിസ് തുടങ്ങിയവ | ജൂൺ- മാർച്ച് | വിവിധ ക്ലബ്ബുകൾ |

പ്രവർത്തനം 13

പേര്: പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കാർഷിക വൃത്തിയെ ആഭിമുഖ്യം ഉണ്ടാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒന്ന് | കാർഷിക ക്ലബ്ബ് |

പ്രവർത്തനം : 14

പേര് : ജൈവവൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയുക | സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുക | വർഷത്തിൽ ഒന്ന് | SMC. |

പ്രവർത്തനം: 15

പേര് : കലാകായിക മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാകായിക ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഗണിത പ്രവൃത്തി പരിചയ മേളകൾ | കലോത്സവം, കായിക മേള ശാസ്ത്ര സാമൂഹിക പ്രവൃത്തിപരിചയ ഗണിത ശാസ്ത്ര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകൽ | ആഴ്ചയിൽ ഒന്ന് വീതം | വിവിധ മേളകൾക്ക് ചാർജ്ജുള്ള അധ്യാപകർ. |

## പ്രവർത്തനം 16

പേര് : സ്കൂൾ മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗാത്മക രചന പരിപോഷിപ്പിക്കൽ. | കുട്ടികളിലെ രചനാപാടവം വളർത്തി അവരുടെ സർഗാത്മക രചനകൾ കോർത്തിണക്കി സ്കൂൾ മാഗസിൻ തയ്യാറാക്കൽ | ജൂൺ - മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 17

പേര് : പതിപ്പുകൾ തയ്യാറാക്കൽ

ഉപമേഖല : രചനാവൈഭവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. | വിദ്യാലയ വിശേഷങ്ങൾ, ദിനാചരണങ്ങൾ ഇടങ്ങിയവ വിവിധ തരത്തിൽ (ചി൦., കഥ, കവിത..) പങ്കുവയ്ക്കുന്ന പതിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | SRG |

## പ്രവർത്തനം 18

പേര് : പഠനയാത്ര

ഉപമേഖല : പൊതു ഇടങ്ങൾ തിരിച്ചറിയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പൊതു ഇടങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ സന്ദർശിക്കുക. | ജനുവരി | SRG SMC |

## പ്രവർത്തനം 19

പേര് : പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീര പഠനത്തിന് ആവശ്യം | ആഴ്ചയിൽ ഒരു ദിവസം വ്യത്യസ്തമാർന്നതും പോഷക സമൃദ്ധവുമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസവും | ഉച്ചഭക്ഷണ കമ്മറ്റി |

## പ്രവർത്തനം 20

പേര് : IT പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ | പഠനം രസകരവും ആകർഷകവും ആകുന്നതിന് 1-4 വരെയുള്ള ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി ICT സാധ്യതയുടെ പഠന വിഭവങ്ങൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം 21

പേര് : പി.ടി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പി.ടി.എ യുടെ പ്രവർത്തനങ്ങൾ സജീവമാക്കൽ | • എല്ലാ മാസവും കൃത്യമായി PTA കൂടുക<br>• CPTA, MPTA കൃത്യമായി കൂടുക.<br>• PTA യെ ഉൾപ്പെടുത്തി ദിനാചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | ജൂൺ - മാർച്ച് | SRG |

ഭൗതികം

പ്രവർത്തനം 22

പേര് : ചിൽഡ്രൻസ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സ്കൂളും പരിസരവും ആകർഷകമാക്കൽ. | ചിൽഡ്രൻസ് പാർക്ക് സജ്ജമാക്കൽ, സ്കൂൾ ബാല - ചുമർ ചിത്രങ്ങൾ വരച്ച് അലങ്കരിക്കൽ | വർഷാരംഭം | PTA<br>വിവിധ ക്ലബ്ബുകൾ |

പ്രവർത്തനം 23

പേര് : മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വ സുന്ദര വിദ്യാലയം | കൃത്യമായ മാലിന്യ സംസ്കരണ നടപടികളിലൂടെ സ്കൂൾ പരിസരം ശുചിത്വമുള്ളതും ആരോഗ്യപ്രദവുമാക്കുക | വർഷം മുഴുവൻ | HM<br>PTA |

പ്രവർത്തനം 2

പേര്: പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വിദ്യാലയത്തിന്റെ സാമൂഹികവും അക്കാദമികവും ഭൗതികവുമായ ഉന്നതി. | വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും, വിദ്യാലയ വളർച്ചയിൽ പങ്കുചേർന്നുകൊണ്ട് സാമൂഹിക സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | 1 വർഷം | |

പ്രവർത്തനം:

പേര് : SSG

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികൾ ഇടപഴകുക, ടീം വർക്ക് മെച്ചപ്പെടുത്തുക, സാമൂഹിക കഴിവുകൾ മെച്ചപ്പെടുത്തുക. ആശയ വിനിമയം ഉത്തേജിപ്പിക്കുന്നു. | പരസ്പര സഹകരണത്തോടെ പ്രവർത്തനങ്ങൾ ചെയ്യുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് | PTA, ക്ലാസ്ടീച്ചർ |

## സാമൂഹികം

### പ്രവർത്തനം 2

**പേര് : SMC / PTA കാര്യക്ഷമമാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| പഠിതാക്കളുടെ സർവതോന്മുഖമായ അഭിവൃദ്ധി, വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുക. | അധ്യാപകരും രക്ഷിതാക്കളും സമൂഹവും പരസ്പരം സഹകരിച്ചു കൊണ്ട് കൃത്യമായ ആസൂത്രണത്തിലൂടെ മുന്നോട്ടു പോകുക. | വർഷം മുഴുവൻ | PTA / SMC |

### പ്രവർത്തനം :

**പേര് : വിദ്യാലയ വികസന സമിതി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിലയിരുത്തി, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വിദ്യാലയം മെച്ചപ്പെടുത്തുക. | വിദ്യാലയ വികസനത്തിന് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്ന് SDP- തീരുമാനിച്ച കാര്യങ്ങൾ - ഭൗതികവും അക്കാദമികവുമായ വളർച്ചയിൽ പങ്കാളികളാവാൻ എല്ലാവർക്കും അവസരം നൽകുന്നു. കൃത്യമായ ഇടവേളകളിൽ സമിതി കൂടുന്നു. | വർഷം മുഴുവൻ | PTA SMC SDC |

പ്രവർത്തനം

പേര് : ക്ലാസ്സ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പഠനപുരോഗതി വിലയിരുത്തൽ<br>പഠനനേട്ടങ്ങൾ കൈവരിക്കുക. | പാഠഭാഗങ്ങൾ കഴിയുന്നതിനനുസരിച്ച് യൂണിറ്റ് ടെസ്റ്റ് നടത്തി, രക്ഷകർത്താക്കളുമായി പഠനപുരോഗതി ചർച്ച ചെയ്യുന്നു.<br>ഓരോ വാസവും നേടേണ്ട പഠനനേട്ടം കുട്ടിനേടിയെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | 1 വർഷം | ക്ലാസ്ടീച്ചർ<br>PTA |

പേര് : ഭവനസന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| രക്ഷിതാക്കളും സമൂഹവുമായി അധ്യാപകരുടെ ബന്ധം മെച്ചപ്പെടുത്തുക.<br>കുട്ടിയെയും കുടുംബത്തെയും അറിയുക. | എല്ലാ കുട്ടികളുടെയും വീട്ടിലുള്ള ലൈബ്രറിയായ 'പുസ്തകക്കൂട്ടി'-ലേക്ക് ആവശ്യമായ പുസ്തകങ്ങൾ എല്ലാമാസവും അധ്യാപകർ വീട്ടിലെത്തി കൈമാറുന്നു.<br>വായിച്ച പുസ്തകങ്ങൾ തിരികെ സ്കൂൾ ലൈബ്രറിയിൽ എത്തിക്കുന്നു. | ജൂൺ - മാർച്ച് | PTA |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ 2025-26

| അക്കാദമികം | ഭൗതികം |
|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ നവീകരണം |
| • ഇംഗ്ലീഷ് ഭാഷാശേഷി വികസനം | • ചിൽഡ്രൻസ് പാർക്ക് |
| • ഗണിതശേഷി വികസനം | • ഗ്രൗണ്ട് ഉയർത്തി കളിസ്ഥലം സജ്ജീവമാക്കൽ |
| • കായിക പഠനം | • |
| • ശാസ്ത്ര പരിപാടികൾ | • |
| • വായനാശേഷി കൈവരിക്കൽ | • |
| • ലൈബ്രറി ശാക്തീകരണം | |
| • കലാകായിക മേളകൾ | |
| • പഠനോത്സവം | |
| • വായനോത്സവം | |
| • രചനോത്സവം | |
| • ഭാഷണ വികസനം | |
| • പച്ചക്കറിത്തോട്ടം | |
| • പഠനയാത്രകൾ | |
| • അധ്യാപകശാക്തീകരണ പരിപാടികൾ. | |
| • പ്രീ പ്രൈമറി ശക്തിപ്പെടുത്തൽ | |

# ഉപസംഹാരം

ഹരിജനോദ്ധാരണി ഗവ. എൽ. പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന് വിശ്വാസമുണ്ട്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹകരണം കൊണ്ട് സ്കൂളിന് സാധിക്കും എന്ന ഉത്തമവിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.